പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1891</u> <u>14/08/2017-ൽ മറുപടിക്ക്</u>

## പാലിയേറ്റീവ് കെയർ നഴ്സുമാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിച്ചുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ ആരോഗ്യവകുപ്പ് ഏറ്റെടുത്ത് സ്ഥിരനിയമനം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ? | സംസ്ഥാന പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രാഥമിക തലത്തിലുള്ള ഗൃഹ സന്ദർശന പദ്ധതി (ഹോം കെയർ) തദ്ദേശ സ്വയം ഭരണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിൽ ഗൃഹ സന്ദർശനം നടത്തി സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ നിയമിച്ചിരിക്കുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പാണ്. ഇവരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ചും, സ്ഥിരപ്പെടുത്തുന്നതുപോലെയുള്ള തീരുമാനമെടുക്കേണ്ടതും തദ്ദേശ സ്വയം ഭരണ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ